**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014** **29-08-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥയുടെ ശോഷണവും, വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിയുടെ വ്യാപ്തി വർദ്ധിക്കുന്നതുമൂലവും വനത്തോട് ചേർന്ന് വികസന പ്രവർത്തനങ്ങൾ വരുന്നതിലൂടെ മനുഷ്യ സാമീപ്യം വർദ്ധിച്ചുവരുന്നതുമൂലവും ഇപ്രകാരമുള്ള മനുഷ്യ വന്യജീവി സംഘർഷത്തിന് കാരണമാകുന്നുവെന്ന് അനുമാനിക്കുന്നു. വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നഷ്ടപരിഹാര അപേക്ഷകളുടെ എണ്ണത്തിൽ ഉണ്ടാവുന്ന വർദ്ധനവിൽ നിന്നും ഫീൽഡ് പരിശോധനയിലും ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഫലപ്രദമല്ലാത്ത സുരക്ഷാ ക്രമീകരണങ്ങൾ വന്യ ജീവികളുടെ ആക്രമണം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പിന് കീഴിലുള്ള വിവിധ സർക്കിളുകളിൽ ആന പ്രതിരോധ മതിൽ, ആന കിടങ്ങ്, സൗരോർജ്ജവേലി, റെയിൽ ഫെൻസിംഗ് എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിച്ച് വന്യജീവി ആക്രമണം പ്രതിരോധിച്ച് വരുന്നുണ്ട്. ഫലപ്രദമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും കാലക്രമേണ അവ തകർത്താണ് ജനവാസ മേഖലയിലേയ്ക്ക് കാട്ടാന തുടങ്ങിയ വന്യജീവികൾ പ്രവേശിക്കുന്നത്. |
| (സി) | കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിച്ച് ഇത്തരം സംഭവങ്ങൾ തടയുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (സി) | മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വനത്തിന്റെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിന് പരിസ്ഥിതി പുന:സ്ഥാപനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ നോർത്ത്/നെന്മാറ എന്നീ |

ഡിവിഷനുകളിൽ ഉൾപ്പെട്ട 259.97 ഹെക്ടർ വനഭൂമിയിൽ വെച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി കാട്ടുമരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് XXVII-ൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ശുഷ്കവനപ്രദേശങ്ങൾ ഉത്തമ വനമാക്കുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതിമുഖേന സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവികളുടെ സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്തു വരികയും ചെയ്യുന്നുണ്ട്. വനസംരക്ഷണ സമിതിയുടെ പ്രവർത്തനം, പുഴകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവർത്തനം, രാത്രിയും പകലും നിരന്തരപട്രോളിംഗ്, വനാതിർത്തിയിൽ ജണ്ടകൾ നിർമ്മിക്കൽ എന്നിവ നടത്തിവരുന്നു. തീപിടുത്ത സാധ്യതയുടെ ഏറ്റക്കുറച്ചിലനുസരിച്ച് പ്രദേശങ്ങൾ ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർലൈൻ എടുത്തും, കൺട്രോൾ ബേണിംഗ് നടത്തിയും വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും മരങ്ങളെ സംരക്ഷിച്ചു വരുന്നുണ്ട്.

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷ കാലത്തേയ്ക്കുള്ള പദ്ധതി ആവിഷ്കരിച്ചതിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫല പ്രദമായ അടിസ്ഥാന സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള
ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ

| | | | |
|---|---|---|---|
| | | | എന്നിവ നടപ്പിൽവരുത്തുക.<br>5. ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോഗപ്പെടുത്തുക.<br>6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.<br>7. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. |
| (ഡി) | കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വന്യജീവികളുടെ ആക്രമണം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകിവരുന്ന 08.01.2015-ലെ സ.ഉ. (കൈ) നം 02/2015/വനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ